W9F7Z9

# 3 ഇസ്‌ലാമിക സ്പെയിനിന്റെ പാരമ്പര്യം

## പഠനനേട്ടങ്ങൾ

- സ്പെയിനിലെ ഉമവിയ രാജവംശ രൂപീകരണം ദൃഢനിശ്ചയത്തിന്റെയും സമർപ്പണത്തിന്റെയും ഫലമാണെന്ന് വിദ്യാർഥികൾ തിരിച്ചറിയുന്നു.
- സി. ഇ. 711 മുതൽ സി. ഇ. 1492 വരെ സ്പെയിനിലുണ്ടായിരുന്ന രാഷ്ട്രീയവും സാംസ്കാരികവുമായ വികാസം വിദ്യാർഥികൾ തിരിച്ചറിയുന്നു.
- ഇസ്‌ലാമിക സ്പെയിനിന്റെ വിദ്യാഭ്യാസ സംഭാവനകളെ വിദ്യാർഥികൾ വിശദീകരിക്കുന്നു.
- ശാസ്ത്രപരമായ കണ്ടെത്തലുകൾക്കുള്ള ജിജ്ഞാസയും സാഹിത്യാഭിരുചിയും വിദ്യാർഥികളിൽ ജനിപ്പിക്കുന്നു.

## പ്രധാനാശയങ്ങൾ

- സ്പെയിനിൽ സ്വതന്ത്ര ഉമവി രാജവംശത്തിന്റെ രൂപീകരണം.
- വൈജ്ഞാനിക സംഭാവനകൾ.
- വിദ്യാഭ്യാസപരവും സാംസ്കാരികവുമായ വികസനങ്ങൾ.
- ശാസ്ത്ര-സാഹിത്യ-കലാ മേഖലകളിൽ ഉമവികൾ നൽകിയ സംഭാവനകൾ.
- സാംസ്കാരിക-വാസ്തുവിദ്യ വളർച്ച.



അൽ ഹംറ കൊട്ടാരം

സ്പെയിനിലെ അറബ് പണ്ഡിതന്മരുടെ സംഭാവനകൾ പാശ്ചാത്യ ലോകത്തെത്തിയതും അതിലൂടെ യൂറോപ്പിൽ നവോത്ഥാനം സാധ്യമായതുമാണ് ഈ അധ്യായത്തിലെ പ്രധാന പ്രതിപാദ്യ വിഷയങ്ങൾ. മുസ്ലിം ഭരണകാലത്തെ സ്പാനിഷ് സംസ്കാരം ഗ്രീക്ക് സംസ്കാരവുമായി സമന്വയിച്ചു കിടന്നിരുന്നതുകൊണ്ട് പടിഞ്ഞാറിന് വൈജ്ഞാനിക ഉണർവിന്റെ വികാസത്തിനെളുപ്പമായി. അറബികളാകട്ടെ സാഹസികമായ, വൈജ്ഞാനിക വിസ്ഫോടനത്തിന്റെ അസംസ്കൃത വസ്തുക്കളായിമാറുകയും ചെയ്തു.

## സ്പെയിൻ കീഴടക്കൽ

ഇന്നത്തെ സ്പെയിനും പോർച്ചുഗലും അടങ്ങുന്നതായിരുന്നു അന്നത്തെ സ്പാനിഷ് ഉപഭൂഖണ്ഡം. പെന്റഗൺ രൂപത്തിലുള്ള സ്പെയിനിനെ പുരാതന കാലഘട്ടത്തിൽ വ്യത്യസ്ത പേരുകളിലറിയപ്പെട്ടിരുന്നു.

**സ്പെയിനിന്റെ പ്രാചീന പേരുകൾ**

ഗ്രീക്കുകാർ ⟷ ഐബീരിയ

റോമാക്കാർ- ⟷ ഹിസ്പാനിയ

മുസ്ലിംകൾ ⟷ അന്തലൂസിയ

സ്പെയിമിന്റെ ആദ്യകാല ചരിത്രവിവരങ്ങൾ കൃത്യമായി ലഭ്യമല്ല. എന്നാൽ പതിനൊന്നാം നൂറ്റാണ്ടു മുതലുള്ള ചരിത്രം രേഖകളുടെയും വീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ ലഭ്യമാണ്. സ്പെയിനിന്റെ ഫലഭൂയിഷ്ഠമായ താഴ്വരകളിലേക്ക് ഖനിസമ്പത്തുതേടി ഗ്രീക്കുകാർ, ക്രോപ്ക്സ്, കാർത്തേജിയക്കാർ, റോമക്കാർ ,ഖാന്തൽകാർ ,ഗോത്തികൾ തുടങ്ങിയ നിരവധി ദേശക്കാർ ഈ ഉപഭൂഖണ്ഡത്തിലെത്തുകയുണ്ടായി.





സ്പെയിൻ

വടക്കെ ആഫ്രിക്കയിലെ പ്രസിദ്ധനായ ഉമവി ഗവർണർ മൂസ ഇബ്നു നുസൈർ സി. ഇ. 711-ൽ തന്റെ ബർബർ വംശജനായ സൈനികനേതാവ് താരിഖ് ഇബ്നു സിയാദിനെ സ്പെയിൻ കീഴടക്കാൻ അയച്ചു. ഏഴായിരം സൈനികരുമായി അദ്ദേഹം ആദ്യം സ്പെയിനിന്റെ മധ്യധരണ്യാഴിയോട് ചേർന്നു കിടക്കുന്ന തെക്കൻ താഴ്‌വരയിൽ സ്ഥിതി ചെയ്യുന്ന പർവതത്തിലാണ് എത്തിയത്. പിന്നീട് അദ്ദേഹത്തിന്റെ പേരിനോട് ചേർത്തുകൊണ്ട് ഈ പർവതത്തെ ജബൽ അൽ താരീഖ് (താരിഖിന്റെ പർവതം) എന്ന് വിളിക്കപ്പെടാൻ തുടങ്ങി. പിന്നീടത് ജിബ്രാൾട്ടർ എന്നറിയപ്പെടാൻ തുടങ്ങി.

711 സി.ഇ.യിൽ താരിഖ് വിസിഗോത്ത് ഭരണാധികാരിയായ റൊഡറികിനെ ബർബറ്റെ നദിയുടെ തീരത്ത് ഗ്വാദലേറ്റിൽ (ജാൻദാ) വെച്ച് നേരിടുകയും ഒരാഴ്ചയോളം നീണ്ടുനിന്ന യുദ്ധത്തിൽ അവസാനം റൊഡറികിന്റെ സൈന്യം പരാജയപ്പെടുകയും ചെയ്തു. തുടർന്ന് റൊഡറിക് സ്പെയിനിൽ നിന്നു രക്ഷപ്പെടുകയും സ്പെയിനിന്റെ തെക്കൻപ്രദേശങ്ങൾ താരിഖിന്റെ കീഴിലാവുകയും ചെയ്തു.

ഗ്വാദലേറ്റ് (ജാൻദാ) യുദ്ധത്തിനു ശേഷം താൻ സ്പെയിനിലെത്തുന്നതു വരെ തുടർന്നുള്ള സൈനികനീക്കം താൽകാലികമായി നിർത്തി വെക്കാൻ മൂസ ഇബ്നു നുസൈറിൽ നിന്നു താരിഖിനു സന്ദേശം ലഭിക്കുകയുണ്ടായി. അങ്ങനെ 712 സി.ഇ. യിൽ ആയിരത്തി എണ്ണൂറു പേരടങ്ങുന്ന സൈന്യവുമായി മൂസ വടക്ക് പടിഞ്ഞാറൻ ഭാഗത്തുകൂടി സ്പെയിനിലെത്തുകയുണ്ടായി. ഓരോ പ്രദേശങ്ങൾ കീഴടക്കിക്കൊണ്ട് ടോളിഡോയിലെത്തിയ സൈന്യം അവിടെ വെച്ച് താരിഖ് ഇബ്നു സിയാദിന്റെ സൈന്യവുമായി ചേർന്നു. തുടർന്ന് ഈ സംയുക്ത സൈന്യം ആരഗണിലേക്ക് നീങ്ങുകയും പ്രസ്തുത സ്ഥലം മുസ്‌ലിം സൈന്യം കീഴടക്കുകയും ചെയ്തു. ആരഗണിലെ ക്രിസ്തീയ ഗവർണർ മുസ്‌ലിംകളുമായി കരാറിലെത്തുകയും ഇസ്‌ലാം മതം സ്വീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ ഭരണം തുടരാൻ അനുവദിച്ചു. അങ്ങനെ ചുരുങ്ങിയ വർഷങ്ങൾകൊണ്ട് സ്പെയിനിന്റെ ഭൂരിഭാഗം പ്രദേശങ്ങളും കീഴടക്കാൻ മൂസ-താരിഖ് സംയുക്തസേനയ്ക്കു സാധിച്ചു.

മൂസയും താരിഖും പിരണീസ് മലനിരകൾ കടന്ന് ഫ്രാൻസിലേക്ക് തങ്ങളുടെ സൈനിക പര്യ



മൂസ ഇബ്നു നുസൈറും താരിഖ് ഇബബ്നു സിയാദും നടത്തിയ സ്പെയിൻ കീഴടക്കലിനെപ്പറ്റി ചർച്ച ചെയ്യുകയും കുറിപ്പ് തയ്യാറാക്കുകയും ചെയ്യുക.

ടനം നടത്താൻ തീരുമാനിക്കുകയുണ്ടായി. അതിലൂടെ മൂസ വലിയൊരു സൈനിക മുന്നേറ്റം തന്നെയായിരുന്നു സ്വപ്നം കണ്ടിരുന്നത്. ആദ്യം തെക്കൻ യൂറോപ്പ് മുഴുവൻ കീഴടക്കുകയും യൂറോപ്പ് വഴി ഡമസ്കസിലെത്തുന്നവിധത്തിൽ ആ വൻകര മുഴുവൻ പിന്നീട് കീഴടക്കുന്ന തരത്തിലുള്ള സൈനിക നീക്കത്തിനുള്ള രൂപരേഖ തയ്യാറാക്കിക്കൊണ്ടാണദ്ദേഹം പിരണീസ് കടക്കാൻ തീരുമാനിച്ചത്. എന്നാൽ ഖലീഫ വലീദിന്റെ മരണത്തെത്തുടർന്ന് സ്ഥാനമേറ്റ സുലൈമാൻ സൈനിക നടപടികൾക്ക് പൊതുവെ തൽപ്പരനല്ലാതിരുന്നതിനാലും മൂസ ഇബ്നു നുസൈറിന്റെ സാമ്രാജ്യ വികസന ലക്ഷ്യത്തെ ഇഷ്ടപ്പെടാതിരുന്നതിനാലും യൂറോപ്പിലേക്കുള്ള സൈനിക നടപടി നിർത്തിവെക്കാനും രണ്ടു സേനാനായകരോടും ഡമസ്കസിലേക്ക് തിരിച്ചുവ

രാനും ആവശ്യപ്പെട്ടു. പിടിച്ചടക്കിയ സ്പെയിനിലെ ഗവർണറായി തന്റെ മകനായ അബ്ദുൾ അസീസിനെ നിയമിച്ചുകൊണ്ട് സ്പെയിനിൽ ഉമവി ഭരണം സ്ഥാപിച്ചശേഷമാണ് മൂസ ഡമസ്കസിലേക്ക് തിരിച്ചത്.

**711 സി.ഇ. മുതൽ സി. ഇ. 756 സ്പെയിനിൽ നിയമിതരായ ഉമവിയ്യ ഗവർണർമാർ**

1. അബ്ദുൽ അസീസ് ഇബ്നു മൂസ
2. അയ്യൂബ് ഇബ്നു ഹബീബ് ലാക്കമി
3. ഹുറ് ബിനു അബ്ദുൽ റഹ്മാൻ സാഖിഫി
4. സമ ബിൻ മാലിക് അൻ ഖുലാനി
5. അൻബസ ബിൻ സാഹിം ഖൽബി
6. അബ്ദുൽ റഹ്മാൻ ബിൻ അബ്ദുള്ള ഗാഫിഖി
7. അബ്ദുൽ മാലിക് ബിൻ ഖുതാൻ ഫർഹി
8. അഖബ ബിൻ ഹജ്ജാജ് സലൂലി
9. അബ്ദുൽ മലിക് ബിൻ ഖത്തർ ഫഹ്രി
10. ബാലി ബിൻ ബഷർ ഖുസൈരി
11. സലബ ബിൻ സലമ അലമേലി
12. അബ്ദുൽ ഖത്തർ ഹുസാം ബിൻ സറാർ ഖൽബി
13. യൂസഫ് ബിൻ അബ്ദുൻ റഹ്മാൻ അൽ ഫിഹ്രി

മൂസയും താരിഖും ഡമസ്കസിൽ എത്തിയതോടെ വലീദിന്റെ പിൻഗാമിയായ സുലൈമാൻ അവരെ വിചാരണകൂടാതെ വധിക്കുകയുണ്ടായി. സപെയിൻ കീഴടക്കിയ ധീരരായ യോദ്ധാക്കളുടെ അന്ത്യം നിന്ദ്യവും ദയനീയവുമായ തരത്തിലുള്ളതായിരുന്നു.

ഉമവിയ ഖലീഫ ഉമർ ഇബ്നു അബ്ദുൽ അസീസിന്റെ ഭരണകാലത്താണ് ഭരണ വിസ്തൃതി വർധിപ്പിക്കാൻ സ്പെയിനിൽ വീണ്ടും സൈനികനീക്കം നടത്തുന്നത്. സി. ഇ. 730-ൽ അബ്ദുൽ റഹ്മാൻ ബിൻ അബ്ദുള്ള ഗാഫിഖിയെ സ്പെയിനിലെ ഗവർണറായി നിയമിച്ചു. നല്ലൊരു ഭരണ കർത്താവായിരുന്ന അദ്ദേഹത്തിന്റെ കീഴിൽ സ്പെയിൻ കൂടുതൽ പുരോഗതിയാർജിച്ചു. അദ്ദേഹം മൂസ ഇബനു നുസൈറും താരിഖ് ഇബനു സിയാദും നിർത്തിവെച്ച ഫ്രാൻസിലേക്കുള്ള സൈനിക പര്യടനം ആരംഭിച്ചു. മാത്രമല്ല അദ്ദേഹമായിരുന്നു ഫ്രാൻസ് കീഴടക്കാൻ അസാനം ശ്രമിച്ച മുസ്ലിം യോദ്ധാവ്. സി.ഇ. 732-ൽ അദ്ദേഹം പിരണീസ് മലനിരകൾ കടന്ന് ഫ്രാൻസിന്റെ മണ്ണിലെത്തിയെങ്കിലും ദയനീയമായി പരാജയപ്പെടുകയും മരണപ്പെടുകയും ചെയ്തു.

### ബലാത്ത് അൽ ശുഹദാഅ്

തുലൂസ് യുദ്ധത്തിന്റെ പ്രതികാരമായി അൻ സമഹിന്റെ മകനായ അബ്ദുറഹ്മാൻബിൻ അബ്ദുള്ള ഗാഫഖി ഫ്രഞ്ച് ഭരണാധികാരി ചാൾസിനെ നേരിടാൻ തീരുമാനിച്ചു. അതിനായ് പിറണീസ് മലനിരകൾ കടന്ന് അദ്ദേഹം ടൂർസ് എന്ന സ്ഥലത്തെത്തി. അങ്ങനെ ഗാഫിഖിയുടെ സൈന്യവും പെപിന്റെ മകനായ ചാൾസിന്റെ സൈന്യവും സി.ഇ. 732 ഒക്ടോബർ മാസം ടൂർസിൽ വെച്ച് ഏറ്റുമുട്ടി. ഈ യുദ്ധത്തിൽ ഗാഫഖി മരണപ്പെടുകയും അദ്ദേഹത്തോടൊപ്പമുള്ള മുഴുവൻ മുസ്ലിംകളും രക്തസാക്ഷികളാവുകയും ചെയ്തു. അതുകൊണ്ട് പ്രസ്തുത യുദ്ധം ചരിത്രത്തിൽ 'ബലാത്ത് അൽ ശുഹദാഅ് (രക്തസാക്ഷികളുടെ കാലടയാളങ്ങൾ) എന്നു വിളിക്കപ്പെടുന്നു.

## ടൂർസ് യുദ്ധത്തിന്റെ പ്രാധാന്യം

അബ്ദുറഹ്മാൻ ഗാഫിഖിയുടെ മരണത്തെത്തുടർന്ന് സ്പെയിനിൽ അരാജകത്വം സൃഷ്ടിക്കപ്പെടുകയും അറബികൾക്കിടയിൽ പഴയകാല വിഭാഗീയത ഉടലെടുക്കുകയും ചെയ്തു. ഇതിനെ തുടർന്ന് അധികാരത്തെച്ചൊല്ലി വടക്കൻ അറബികളും തെക്കൻ അറബികളും തമ്മിൽ നിരന്തരം തർക്കങ്ങളുണ്ടായി. തുടർന്ന് പ്രശ്ന പരിഹാരത്തിനും അറബികളുടെ വ്യത്യസ്ത വിഭാഗങ്ങളായ ഖൈസയിറ്റ്സും യമനികളും തമ്മിൽ അവസാനം ഒരു കരാറിലെത്തുകയുണ്ടായി. തുടർന്ന് ഗവർണറുടെ കാലാവധി ഒരു വർഷമായി പരിമിതപ്പെടുത്തി. ഇതിന്റെയടിസ്ഥാനത്തിൽ സി. ഇ. 747 ൽ യൂസഫ് ബിൻ-അബ്ദുൽ റഹ്മാൻ അൽ ഫിഹിരിയാണ് ഗവർണറായതെങ്കിലും ഒരു വർഷത്തിനുശേഷം അദ്ദേഹം സ്ഥാനമൊഴിയാൻ വിസമ്മതിക്കുകയും സി.ഇ. 756 വരെ ഭരണം തുടരുകയും ചെയ്തു.



ടൂർസ് യുദ്ധത്തെപ്പറ്റി ഒരു ചർച്ച നടത്തുക.

## സ്പെയിനിലെ സ്വതന്ത്ര ഉമവി ഭരണം

സി. ഇ. 750-ൽ ഉമവി രാജവംശത്തെ പരാജയപ്പെടുത്തിയ അബ്ബാസി ഭരണകൂടം ഉമവി കുടുംബത്തെ പൂർണ്ണമായി ഉന്മൂലനം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. പത്താമത്തെ ഉമവിയ ഖലീഫ ഹിഷാം രണ്ടാമന്റെ മകനായ അബ്ദുൽ റഹ്മാന് മാത്രമാണ് സാഹസികമായി അബ്ബാസിയ്യ സൈന്യത്തിന്റെ കണ്ണിൽ പെടാതെ രക്ഷപ്പെടാനായത്. അദ്ദേഹം ഡമസ്കസിൽ നിന്ന് ഈജിപ്ത് വഴി വടക്കൻ ആഫ്രിക്കയിലെത്തുകയും അവിടെ പല പ്രദേശങ്ങളിലായി ഒളിവിൽ താമസിക്കുകയുമുണ്ടായി. അവസാനം ക്യൂട്ടയിലെത്തുകയും ബർബറുകളുടെയും സ്പെയിനിലെ ഉമവി വിഭാഗത്തിന്റെയും സഹായത്തോടെ സി. ഇ. 756-ൽ സ്പെയിനിലെത്തിച്ചേരുകയും ചെയ്തു

## അബ്ദുൽ റഹ്മാൻ ഒന്നാമൻ (756-758 സി.ഇ.)

അബ്ദുൽ റഹ്മാൻ ഒരുകൂട്ടം ബർബരി സൈന്യവുമായി സി.ഇ. 756-ൽ സ്പെയിനിന്റെ തുറമുഖ നഗരമായ അൽമുനിക്കബിലെത്തി. അവിടെവെച്ച് സ്പെയിനിലെ അവശേഷിച്ചിരുന്ന ഉമവി കുടുംബങ്ങളുമായി ചേർന്ന് വിപുലമായൊരു സൈന്യത്തെ അദ്ദേഹം സജ്ജമാക്കി. തുടർന്നും റാഗിയോ

പ്രവിശ്യയുടെ തലസ്ഥാനമായ ആർച്ചിഡോണയിലേക്ക് സൈനികനീക്കം നടത്തി. അവിടത്തെ അബ്ബാസി ഗവർണർ അദ്ദേഹത്തിനു മുമ്പിൽ കീഴടങ്ങുകയും ചെയ്തു. അങ്ങനെ അബ്ദുറഹ്മാൻ സ്പെയിനിൽ സ്വതന്ത്ര ഉമവി ഭരണ പ്രഖ്യാപനം നടത്തുകയും സ്പെയിനിലെ ആദ്യത്തെ ഉമവി അമീറായി സ്വയം പ്രഖ്യാപിക്കുകയും ചെയ്തു.

### അബ്ദുറഹ്മാൻ ഒന്നാമൻ

നിരവധി സാഹസികതകളിലൂടെ അബ്ദു റഹ്മാൻ ഒന്നാമൻ ഫലസ്തീൻ, ഈജിപ്ത്, വടക്കെ ആഫ്രിക്ക വഴി സിറിയയിൽ നിന്നു മൊറോക്കോയിലെത്തി. അവിടെയുണ്ടായിരുന്ന തന്റെ മാതാവിന്റെ ഗോത്രമായ ബനൂനഫൂസയിലെ ബർബർ ഗോത്രാംഗങ്ങൾ അദ്ദേഹത്തിനു രഹസ്യമായി സംരക്ഷണം നൽകുകയും അവിടെ നിന്നുകൊണ്ട് സ്പെയിനിലുള്ള ഉമവി വിഭാഗത്തോട് സഹായവും അഭയവും ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹം ദൂതനെ അയക്കുകയും ചെയ്തു.

ആ സമയത്ത് സ്പെയിനിലെ മുസ്‌ലിംകൾ രണ്ട് വിഘടന വിഭാഗങ്ങളായിമാറി കഴിഞ്ഞിരുന്നു. ഒന്ന് നിലവിലുള്ള ഭരണത്തെ അനുകൂലിക്കുന്ന ഖൈസയ്റ്റ് വിഭാഗവും രണ്ടാമത്തേത് എതിർക്കുന്ന യമനി വിഭാഗവും. അങ്ങനെ വിഘടനവാദികളായ യമനിവിഭാഗം അബ്ദുൽ റഹ്മാനെ സഹായിക്കാൻ തീരുമാനിച്ചു. ഉമവി വംശത്തിൽപ്പെട്ട ചില മുസ്‌ലിംകൾ അബ്ദുൽ റഹ്മാനുള്ള പരസ്യ പിന്തുണപ്രഖ്യാപിച്ചു. തുടർന്ന് യമനികളും തങ്ങളുടെ പിന്തുണ അറിയിച്ചുകൊണ്ട് പ്രസ്തുത വിഭാഗത്തോടൊപ്പം കൂടി.

അബ്ദുൽ റഹ്മാൻ രണ്ടാമന്റെ (822-852 സി.ഇ.) കാലഘട്ടത്തിൽ സ്പെയിനിലുടനീളം മുസ്‌ലിം സർവകലാശാലകൾ സ്ഥാപിക്കപ്പെട്ടു. കൊട്ടാരം സിറിയാബിന്റെയും മറ്റു പ്രശസ്ത സംഗീതജ്ഞരുടെയും സംഗീത പരിപാടികളാൽ അലങ്കൃതമായിരുന്നു. അദ്ദേഹം തെക്കൻ സ്പെയിനിലൂടെ ഒഴുകുന്ന പ്രശസ്തമായ ഗ്വാഡൽക്വിവർ നദീ തീരങ്ങളിൽ ധാരാളം കെട്ടിടങ്ങൾ നിർമിക്കുകയും തലസ്ഥാനനഗരിയായ കൊർദോവ മനോഹരമായ പൂന്തോട്ടങ്ങൾകൊണ്ട് മോടിപിടിപ്പിക്കുകയും ചെയ്തു. ഈ നഗരത്തിനാവശ്യമായ ജലമെത്തിച്ചിരുന്നത് സിയേറാമൊറീന മലനിരകളിൽ നിന്നായിരുന്നു. സ്പെയിനിലെ എല്ലാ പ്രധാന നഗരങ്ങളിലും അദ്ദേഹം പള്ളികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും നിർമിക്കുകയുണ്ടായി. പ്രൗഢഗംഭീരമായ മുപ്പത് വർഷങ്ങൾക്കുശേഷം അദ്ദേഹം 852 സി.ഇ.യിൽ മരണപ്പെട്ടു. അദ്ദേഹത്തിന്റെ പിൻഗാമികളായ മുഹമ്മദ് ഒന്നാമൻ, അൽമുന്തിർ, അബ്ദുള്ള തുടങ്ങിയവർ മുപ്പത് വർഷത്തോളം സ്പെയിൻ ഭരിക്കുകയുണ്ടായി.

## സ്പെയിനിലെ ഉമവി ഖിലാഫത്ത്

സ്പെയിനിലെ ഉവമി ഭരണാധികാരികളുടെ സ്ഥാനപ്പേര് 'അമീർ' എന്നായിരുന്നു. സ്പെയിൻ അടക്കമുള്ള മുഴുവൻ ഇസ്‌ലാമികലോകവും ഖിലാഫത്ത് സ്ഥാനം ബാഗ്ദാദിലെ അബ്ബാസികളുടെ മാത്രം അവകാശമാണെന്ന് കരുതി പോന്നിരുന്നു. പത്താം നൂറ്റാണ്ടോടുകൂടി അബ്ബാസിയ ഭരണാധികാരികളുടെ ഖലീഫ സ്ഥാനത്തിന് ശക്തി ക്ഷയിക്കാൻ തുടങ്ങുകയും, പടിഞ്ഞാറൻ ഭാഗത്ത് ഫാത്തിമിയ ഭരണാധികാരി (ഈജിപ്ത്) ഖലീഫയായി പ്രഖ്യാപനം നടത്തുകയും ചെയ്തു. ഇസ്‌ലാമിക ലോകത്ത് നിലനിൽക്കുന്ന പ്രസ്തുത പ്രതിസന്ധി മുതലെടുത്തുകൊണ്ട് അന്നത്തെ

സ്പെയിനിലെ ഉമവി ഭരണാധികാരിയായിരുന്ന അബ്ദുൽ റഹ്മാൻ മൂന്നാമൻ സി.ഇ. 927-ൽ ഖലീഫയായി സ്വയം പ്രഖ്യാപിക്കുകയും 'അൽ നാസിർ ലി ദീനില്ലാഹ്'എന്ന പേര് സ്വീകരിക്കുകയും ചെയ്തു. അങ്ങനെ അക്കാലത്ത് ഇസ്‌ലാമിക ലോകത്ത് മൂന്നു ഖലീഫമാരുള്ള അവസ്ഥ സംജാതമായി. ബാഗ്ദാദിൽ അബ്ബാസിയ്യ ഖലീഫ, വടക്കെ ആഫ്രിക്കയിൽ ഫാത്തിമികൾ, സ്പെയിനിൽ ഉമവികൾ.

## അബ്ദുൽ റഹ്മാൻ മൂന്നാമൻ (912-961 സി.ഇ.)

മുസ്‌ലിം സ്പെയിനിലെ ഏറ്റവും പ്രസിദ്ധനായ ഭരണണാധികാരിയായിരുന്ന അബ്ദുർ റഹ്മാൻ മൂന്നാമൻ ഭരണ സാരഥ്യം ഏറ്റെടുക്കുന്നത് 912 സി.ഇ.യിലായിരുന്നു. അദ്ദേഹത്തിന്റെ കാലഘട്ടം സ്പെയിനിന്റെ വളർച്ചയുടെ പാരമ്യമാവുകയും ഹിസ്പാനോ മുസ്‌ലിം സംസ്കാരം അദ്ദേഹത്തിന്റെ പ്രോത്സാഹനത്താൽ ഉജ്ജ്വലമായി വികസിക്കുകയും ചെയ്തു. ഖലീഫ എന്ന പദവി സ്വീകരിക്കുന്ന ആദ്യത്തെ ഉമവി ഭരണാധികാരിയാണദ്ദേഹം.

പത്താം നൂറ്റാണ്ടിലെ സ്പെയിൻ ഭരണം പ്രധാനമായും അബ്ദുൽ റഹ്മാൻ മൂന്നാമന്റെയും അദ്ദേഹത്തിന്റെ മകൻ അൽ ഹക്കമിന്റെയും കരങ്ങളിലായിരുന്നു. അബ്ദുർറഹ്മാൻ മൂന്നാമന്റെ കാലഘട്ടം ഭരണപരമായ പുരോഗതി നേടിയപ്പോൾ ഹക്കം രണ്ടാമന്റെ കാലഘട്ടം വൈജ്ഞാനിക പുരോഗതിക്കാണ് പ്രസിദ്ധിയാർജിച്ചത്.

അബ്ദുൽറഹ്മാൻ മൂന്നാമൻ വൈജ്ഞാനിക രംഗത്ത് മികച്ച നിലവാരം പുലർത്തിയിരുന്നു. ഭരണപരമായ കാര്യങ്ങളിൽ നൈപുണ്യം നേടിയെടുക്കാൻ അദ്ദേഹത്തിനു സാധിക്കുകയുണ്ടായി. ഇത്തരം ഗുണഗണങ്ങൾ ഭരണ സാരഥ്യം ഏറ്റെടുക്കുമ്പോൾ ബന്ധുക്കളുടെ അധികാരാവകാശവാദങ്ങളെ വലിയ തോതിലുള്ള ആഭ്യന്തര എതിർപ്പുകളൊന്നും കൂടാതെ അദ്ദേഹത്തിനു പരിഹരിക്കാൻ കഴിഞ്ഞു.


തുടക്കത്തിൽതന്നെ സ്പെയിനിന്റെ വടക്കു ഭാഗത്തു നിന്നു ക്രിസ്തീയ ഭരണാധികാരികളുടെ പ്രക്ഷോഭങ്ങൾ അദ്ദേഹത്തിനു നേരിടേണ്ടിവന്നു. 914 സി. ഇ.യിൽ ലിയോണിലെ ഭരണാധികാരി ഓർഡോനോ രണ്ടാമൻ മുസ്‌ലിം ഭരണപ്രദേശ അതിർത്തിയിൽ കടന്നുകയറ്റം നടത്തുകയും മെറിഡ, തലവേര, അലൻജെ തുടങ്ങിയ പ്രദേശങ്ങളിൽ അക്രമം അഴിച്ചു വിടുകയും ചെയ്തു. ഇത് നേരിടാൻ അബ്ദു റഹ്മാൻ അഹ്മദ് ഇബ്നു അബീ അബ്ദുല്ലയുടെ കീഴിൽ വലിയ സൈന്യത്തെ അയക്കുകയും ഓർഡോനോ രണ്ടാമനെ കീഴടക്കുകയും ചെയ്തു. തുടർന്ന് ക്രിസ്തീയ സ്പെയിനിലെ മുഴുവൻ പ്രദേശങ്ങളും മുസ്‌ലിം ഭരണത്തിന്റെ കീഴിലായിമാറി. ഭരണമേൽക്കുമ്പോൾ തകർച്ചയുടെ ഭീതിയിലായിരുന്ന സ്പെയിനിനെ ചുരുങ്ങിയ കാലംകൊണ്ടു തന്നെ അബ്ദുൽ റഹ്മാൻ വളർച്ചയുടെ പാരമ്യത്തിലെത്തിക്കുകയും തന്റെ കീഴിലുള്ള എല്ലാ പ്രദേശങ്ങളെയും ഒന്നിപ്പിച്ചുകൊണ്ട് ഒരു സാമ്രാജ്യം രൂപീകരിച്ച് പ്രശ്നകലുഷിത അന്തരീക്ഷത്തിൽ നിന്ന് വ്യക്തമായ നിയമ വാഴ്ച നടപ്പാക്കുകയും ചെയ്തു. അങ്ങനെ അബ്ദുർറഹ്മാൻ മൂന്നാമന്റെ കീഴിൽ സ്പെയിൻ അക്കാലത്തെ ഒരു പ്രബല ലോക ശക്തിയായി മാറുകയുണ്ടായി.

അര നൂറ്റാണ്ടോളം ഭരണം നടത്തിയ ശേഷം അബ്ദുൽ റഹ്മാൻ മൂന്നാമൻ 961 സി.ഇ.യിൽ മരണപ്പെട്ടു. അബ്ദുൽ റഹ്മാൻ മൂന്നാമനെ സ്പെയിൻ കണ്ടതിൽവെച്ച് ഏറ്റവും പ്രശസ്തനായ ഭരണാധികാരിയായിട്ടാണ് ചരിത്രത്തിൽ വിശേഷിപ്പിക്കുന്നത്. സ്പെയിനിലെ എല്ലാ ഉമവി ഭരണാധികാരികളും ഇദ്ദേഹത്തെയാണ് പ്രഗത്ഭനായ ഭരണാധികാരിയായി അംഗീകരിക്കുന്നത്. അബ്ദു റഹ്മാൻ മൂന്നാമൻ ഭരണത്തിൽ വന്നപ്പോൾ കൊർദോവയിൽ മാത്രമായി ഒതുങ്ങി നിന്നിരുന്ന മുസ്‌ലിം ഭരണം അദ്ദേഹം മരണപ്പെടുമ്പോൾ സ്പെയിൻ മുഴുവൻ വ്യാപിക്കുകയും വടക്കെ ആഫ്രിക്കയുടെ ചില പ്രദേശങ്ങൾകൂടി സ്പെയിനിന്റെ ഭരണത്തിൻ കീഴിലാകുകയും ചെയ്തു.


അബ്ദു റഹ്മാൻ മൂന്നാമനു ശേഷം അൽ ഹക്കം രണ്ടാമൻ സ്പെയിനിലെ ഭരണാധികാരിയാവുന്നത് അദ്ദഹത്തിന്റെ നാൽപത്തിയാറാം വയസ്സിലായിരുന്നു അതുകൊണ്ടുതന്നെ ഭരണപരമായ പരിചയം അദ്ദേഹത്തിനു വേണ്ടുവോളമുണ്ടായിരുന്നു. അദ്ദേഹത്തിനുശേഷംവന്ന മകൻ അബ്ദുൽ മാലിക് അൽ മുസാഫറിന്റെ (976–1008 സി.ഇ.) ഭരണത്തോടെ കൊർദോവയിലുണ്ടായിരുന്ന ഉമവി ഭരണം ക്ഷയിക്കാൻ തുടങ്ങി.




സ്പെയിനിലെ സ്വതന്ത്ര ഉമവി രാജവംശം




ഗ്രാനഡയിലെ നാസിറിദ് രാജവംശം



അബ്ദുൾ റഹ്മാൻ മൂന്നാമന്റെ സംഭാവനകളെപ്പറ്റി ചർച്ച നടത്തുകയും കുറിപ്പ് തയാറാക്കുകയും ചെയ്യുക

അതിനുശേഷം മുസ്‌ലിം സ്പെയിനിലെ ഉമവി ഭരണകൂടം പരസ്പരം പോരടിക്കുന്ന ചെറിയ രാജവംശങ്ങളായി മാറി. ഈ കാലഘട്ടം ചെറു നാട്ടു രാജവംശങ്ങളുടെ ഭരണകാലഘട്ടം (മുലൂക്ക് അൽ തവാഇഫ്) എന്നറിയപ്പെടുന്നു. ഇത് പിന്നീട് മുസ്‌ലിം സ്പെയിനിനെ പൂർണമായ തകർച്ചയിലേക്ക് നയിച്ചു. സ്പെയിനിലെ അവസാനത്തെ മുസ്‌ലിം ഭരണകൂടം ഗ്രാനഡ കേന്ദ്രീകരിച്ചു നിലനിന്നിരുന്ന നാസിരിദ് ഭരണമായിരുന്നു.

## വൈജ്ഞാനിക സംഭാവനകൾ

മുസ്‌ലിം സ്പെയിനിനെ മഹത്വവത്കരിക്കുന്നത് അക്കാലത്തുണ്ടായിരുന്ന രാഷ്ട്രീയവും വൈജ്ഞാനികവുമായ പുരോഗതിയാണ്. അൽ ഹക്കം രണ്ടാമൻ വിദ്യാഭ്യാസ പുരോഗതിക്കായി ധാരാളം സംഭാവനകൾ നൽകുകയും വൈജ്ഞാനിക വികാസത്തിന് പ്രോത്സാഹനം നൽകുകയും ചെയ്യുന്ന ഭരണാധികാരിയായിരുന്നു. അദ്ദേഹം പണ്ഡിതന്മാർക്കും വിദ്യാർഥികൾക്കും പ്രത്യേക ധനസഹായങ്ങൾ നൽകുകയും ഇരുപത്തേഴോളം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ തലസ്ഥാന നഗരിയിൽ സ്ഥാപിക്കുകയും ചെയ്തു



*കൊർദോവ സർവകലാശാല*

### *വിദ്യാഭ്യാസം*

വിദ്യാഭ്യാസ സംരംഭങ്ങൾ സ്പെയിനിൽ വിപുലമായ രീതിയിൽത്തന്നെ അക്കാലത്ത് ആരംഭിച്ചിരുന്നു. കൊർദോവ, സെവില്ലി, മലാഗ, ഗ്രാനഡ എന്നീ നഗരങ്ങൾ പ്രസിദ്ധമായത് അവിടത്തെ മുസ്‌ലിം സർവ്വകലാശാലകളുടെ പേരുകൾകൊണ്ടാണ്. ഉന്നത വിദ്യാഭ്യാസത്തിനുള്ള അക്കാലത്തെ ലോക പ്രശസ്ത സർവകലാശാലകളായിരുന്ന ഇവിടേക്ക് മറ്റു യൂറോപ്യൻ പ്രദേശങ്ങളിൽ നിന്നുള്ള വിദ്യാർഥികളുടെ സാന്നിധ്യം വളരെ ശക്തമായിരുന്നു. പ്രാഥമിക വിദ്യാഭ്യാസ പാഠ്യപദ്ധതിയിലെ വിഷയങ്ങൾ ഖുർആനെ ആസ്പദമാക്കിയിട്ടുള്ള എഴുത്തും വായനയും അറബിവ്യാകരണം പഠനം എന്നിവയുമായിരുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഖുർആൻ, ദൈവശാസ്ത്രം, തത്ത്വശാസ്ത്രം, കവിത, കവിതാരചനാ ശാസ്ത്രം, ചരിത്രം, ഭൂമി ശാസ്ത്രം എന്നിവയായിരുന്നു പ്രധാന പാഠ്യവിഷയങ്ങൾ.

ഫിലിപ്പ്. കെ. ഹിറ്റി. പറയുന്നു, 'പ്രത്യേകിച്ച് സ്പെയിനിന്റെ വിദ്യാഭ്യാസ പുരോഗതി പരിഗണിക്കുമ്പോൾ, ഭൂരിഭാഗം സ്പാനിഷ് മുസ്‌ലിംജനതയ്ക്കും അക്കാലത്ത് എഴുത്തും വായനയും അറിയാമായിരുന്നു. അക്കാലത്ത് യൂറോപ്പിലാകമാനം ഈ സ്ഥിതി കാണപ്പെട്ടിരുന്നുമില്ല'.


### *കൊർദോവ സർവകലാശാല*

അബ്ദുറഹ്മാൻ മൂന്നാമൻ നിർമിച്ച അൽ സഹ്റ പള്ളിയോട് ചേർന്നുകൊണ്ട് പിൽക്കാലത്ത് അൽ ഹക്കമാണ് കൊർദോവ സർവകലാശാല സ്ഥാപിച്ചത്. അക്കാലത്ത് ലോക പ്രശസ്ത വിദ്യാഭ്യാസ സ്ഥാപനമായി ഇത് മാറുകയും യൂറോപ്പ്, ആഫ്രിക്ക, ഏഷ്യ എന്നിവിടങ്ങൾ നിന്നെല്ലാം വിദ്യാർഥികളുടെ ഇവിടേക്കുള്ള വരവിന് ആക്കം കൂട്ടുകയും ചെയ്തു. കൊർദോവ സർവകലാശാലയിലെ

പ്രധാനപ്പെട്ട പഠന വിഷയങ്ങൾ വാനശാസ്ത്രം, ഗണിതം, വൈദ്യശാസ്ത്രം, ശരിഅത്ത് നിയമ സംഹിത എന്നിവയായിരുന്നു. ഓരോ വർഷവും ആയിരത്തോളം വിദ്യാർഥികൾക്ക് അഡ്മിഷൻ നൽകപ്പെടുകയും പഠിച്ചിറങ്ങുന്ന വിദ്യാർഥികൾക്ക് ഉടൻതന്നെ ഉന്നത സ്ഥാനങ്ങളിൽ ജോലി നൽകുകയും ചെയ്തിരുന്നു.

### *ഗ്രാനഡ സർവകലാശാല*

ഏഴാമത്തെ നാസിറിയ്യ ഭരണാധികാരിയായിരുന്ന യൂസഫ് അബു അൽ ഹജ്ജാജാണ് ഗ്രാനഡ സർവകലാശാല സ്ഥാപിച്ചത്. പ്രസ്തുത സ്ഥാപനത്തിന്റെ കവാടം കല്ലുകൊണ്ട് നിർമിച്ച സിംഹത്തിന്റെ രൂപംകൊണ്ടാണ് അലങ്കരിച്ചിരുന്നത്. ഇവിടത്തെ പാഠ്യവിഷയങ്ങൾ കർമ്മശാസ്ത്രം, ദൈവശാസ്ത്രം, രസതന്ത്രം, തത്വശാസ്ത്രം, വാനശാസ്ത്രം എന്നിവയായിരുന്നു. വിദേശ വിദ്യാർഥികൾ ഈ സ്ഥാപനത്തിൽ പഠനത്തിനായ് വന്നിരുന്നുവെന്നും ചരിത്രരേഖകൾ സൂചിപ്പിക്കുന്നു. മലാഗ, സെവില്ലി തുടങ്ങിയ സർവകലാശാലകൾ അക്കാലത്തെ മറ്റു പ്രധാനപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്.



ഒരു സമൂഹത്തിൽ സർവകലാശാലകളുടെ സ്വാധീനത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

## ഗ്രന്ഥശാലകൾ

കൊർദോവയിലായിരുന്നു സ്പെയിനിലെ ഏറ്റവും വലിയ ഗ്രന്ഥശാല പ്രവർത്തിച്ചിരുന്നത്. അൽ ഹക്കം രണ്ടാമന്റെ ഭരണകാലത്ത് അലക്സാണ്ട്രിയ, ഡമസ്കസ്, ബാഗ്ദാദ് എന്നിവിടങ്ങളിലേക്ക് പണ്ഡിതന്മാരെ അയക്കുകയും അവിടെ ലഭ്യമായ ഗ്രന്ഥങ്ങളുടെ പകർപ്പുകൾ അവരിലൂടെ കൊർദോവയിലെത്തിക്കുകയും ചെയ്തു. വ്യത്യസ്ത പഠനവിഭാഗങ്ങളിലായി അദ്ദേഹം നാല് ലക്ഷത്തിലധികം പുസ്തകങ്ങൾ ഗ്രന്ഥശാലയിൽ സൂക്ഷിക്കുകയും പുസ്തകങ്ങളുടെ സ്ഥിതിവിവരപട്ടിക തയ്യാറാക്കി സൂക്ഷിക്കുകയും ചെയ്തു.

സർവകലാശാലകളോട് ചേർന്ന് വലിയ ഗ്രന്ഥശാലകൾ നിർമിക്കപ്പെട്ടിരുന്നത് മുസ്‌ലിം സ്പെയിനിന്റെ പ്രത്യേകതയായിരുന്നു. മുഹമ്മദ് ഒന്നാമൻ സ്ഥാപിച്ച കൊർദോവ സർവകലാശാലയെ അബ്ദുൽ റഹ്മാൻ മൂന്നാമൻ വിപുലമാക്കുകയും ഹക്കം രണ്ടാമന്റെ കീഴിൽ അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരവും ചേർത്തുകൊണ്ട് ലോകത്തെതന്നെ ഏറ്റവും വലിയ വൈജ്ഞാനിക കേന്ദ്രമാക്കി മാറ്റിയെടുക്കുകയും ചെയ്തു. ഇതിനുപുറമെ സ്ത്രീകളുൾപ്പെടെ ചില വ്യക്തികൾക്കും സ്വകാര്യ പുസ്തക ശേഖരങ്ങളുണ്ടായിരുന്നു.

## ഭാഷയും സാഹിത്യവും

തങ്ങളുടെ ഭാഷാ-സാഹിത്യ സംഭാവനകളിലൂടെ മുസ്‌ലിം സ്പെയിനിലെ പണ്ഡിതന്മാർ യൂറോപ്പിനു സാംസ്കാരിക നാഗരികതകളുടെ ദീപശിഖയേന്തിയവരായിമാറി. അതിനു പുറമെ മധ്യകാല മുസ്‌ലിം പണ്ഡിതന്മാരാണ് പുരാതന ഗ്രീക്ക് തത്വശാസ്ത്രവും ശാസ്ത്ര അറിവുകളും കണ്ടെത്തിയത്. അവർ തങ്ങളുടേതായ സംഭാവനകൾ കൂട്ടിച്ചേർത്തുകൊണ്ട് യൂറോപ്പിൽ നവോത്ഥാനത്തിന് പ്രാപ്തമാകുന്നവിധം വീണ്ടുമത് പാശ്ചാത്യലോകത്തിനു കൈമാറുകയും ചെയ്തു. ഭാഷാശാസ്ത്ര പഠനങ്ങളായ വ്യാകരണ നിയമങ്ങൾ, ആലങ്കാരിക പ്രയോഗങ്ങൾ എന്നിവയെല്ലാം സ്പെയിനിൽ മുസ്‌ലിംകളുടെ ഭരണകാലത്താണ് രൂപപ്പെട്ടത്. കൊർദോവ സർവകലാശാല

യിലെ പ്രധാനപ്പെട്ട പണ്ഡിതന്മാരിലൊരാളായിരുന്നു അൽ ഖാലി. അദ്ദേഹത്തിന്റെ ശിഷ്യനായ മുഹമ്മദ് ഇബ്നു അൽ ഹസ്സൻ, അൽ സുബൈദി എന്നിവരെ അൽ ഹക്കം രണ്ടാമൻ തന്റെ ഇളയ പുത്രനായ ഹിശാമിനെ വിദ്യ അഭ്യസിപ്പിക്കാൻ നിയോഗിച്ചു. സുബൈദിയുടെ പ്രധാനപ്പെട്ട രചനയായ മുഷീർ വ്യാകരണ പണ്ഡിതന്മാരെയും ഭാഷാശാസ്ത്രജ്ഞരെയുംപറ്റി തരം തിരിച്ച് രേഖപ്പെടുത്തിയിരുന്ന പുസ്തകമാണ്. ഹിബ്രു വ്യാകരണത്തെയും അറബി വ്യാകരണത്തെയുംപ്പറ്റി അക്കാലത്ത് എഴുതപ്പെട്ടിരുന്നു. പല സാങ്കേതിക അറബി പദങ്ങളുടെയും രൂപീകരണം, സ്പെയിനിലെ ഇസ്ലാമിക ഭരണകാലത്തായിരുന്നു നടന്നത്. സ്പെയിനിൽ ജീവിച്ചിരുന്ന ഹജ്ജാബ് ജൂദാ ബിൻ ഡേവിഡ് ആണ് ഹിബ്രു ഭാഷയിൽ ശാസ്ത്രീയമായ വ്യാകരണ നിയമങ്ങൾ ഉണ്ടാക്കിയത്. കൊർദോവയിലെ ഏറ്റവും പ്രസിദ്ധനായ എഴുത്തുകാരനായ ഇബ്നു അബ്ദു റാബിഹ് ആന്തോളജിയെപ്പറ്റി എഴുതിയിട്ടുള്ള ഗ്രന്ഥമാണ് അൽ ഇഖ്ദുൽ ഫരീദ്. അറബികളുടെ സാഹിത്യ ചരിത്രത്തെപ്പറ്റി എഴുതിയിട്ടുള്ള രചനകളിൽ പ്രഥമ സ്ഥാനം അൽ അഘാനിക്കാണ്. ഇസ്ലാമിക സ്പെയിനിന്റെ പേരുകേട്ട ചിന്തകനും പണ്ഡിതനുമായിരുന്നു അലി ഇബ്നു ഹസ്സം.

## ഇബ്നു ഖാലികാൻ

ചരിത്രം, ദൈവശാസ്ത്രം, ഹദീസ്, യുക്തി ശാസ്ത്രം, കവിത തുടങ്ങിയ വിഷയങ്ങളിലായി നൂറു വാല്യങ്ങളുള്ള രചനകൾ ഇബ്നു ഖാലികാൻ വൈജ്ഞാനിക ലോകത്തിനു സംഭാവന നൽകിയിട്ടുണ്ടെന്നാണ് പറയപ്പെടുന്നത്. അദ്ദേഹത്തിന്റെ ഏറ്റവും പ്രധാന രചനയാണ് പ്രേമകാവ്യമായ തവഖൽ ഹമാമയും, അൽ ഫസൽ ഫിൽ-മിലാൽ വൽ നിഹാലും.

## ചരിത്രരചന ശാസ്ത്രം


ഇബ്നു ഖൽദൂന്റെ രചനകൾകൊണ്ടാണ് അറേബ്യൻ ചരിത്രരചനാ ശാസ്ത്രം സമ്പന്നമാകുന്നത്. അദ്ദേഹത്തിന്റെ പ്രശസ്ത ചരിത്ര ഗ്രന്ഥത്തിന്റെ ആമുഖമായ മുഖദ്ദിമ ലോകപ്രസിദ്ധമായൊരു രചനയാണ്. സെവില്ലിയിൽ ജീവിച്ചിരുന്ന ഇബ്നു ഖൽദൂൻ കുടുംബത്തിന്റെ പിൻ തലമുറക്കാരനായിരുന്നു അദ്ദേഹം. മെയ് 27, 1332 സി.ഇ.യിൽ സെവില്ലിയിൽ ജനിച്ച ഇബ്നു ഖൽദൂനു വസ്തുതകൾ വിശകലനം ചെയ്യാനുള്ള കഴിവും നല്ല നിരീക്ഷണപാടവവും ജന്മനാ അപാരമായ ഓർമ ശക്തിയുമുണ്ടായിരുന്നു. ഈ കഴിവുകൾ അദ്ദേഹത്തിന്റെ ചരിത്ര രചനകളിൽ പ്രതിഫലിച്ചു. മാനവ ചരിത്രരചനയുടെ വികാസത്തിന് നിരവധി സംഭാവനകൾ നൽകാൻ അദ്ദേഹത്തിനു സാധിച്ചു.

'മുഖദ്ദിമ' ആരംഭിക്കുന്നതുതന്നെ ചരിത്രത്തിന്റെ പ്രത്യേകതകളെയും സാധ്യതയെയും വിവരിച്ചുകൊണ്ടാണ്. ചരിത്രത്തിന്റെ പരോക്ഷമായ അർഥതലങ്ങൾ, സത്യത്തെ കണ്ടെത്തലും മൂർത്തമായ വസ്തുക്കളുടെ ആരംഭവും അതിന്റെ കാര്യകാരണങ്ങളുടെ വിശദമായ വിവരണവും സംഭവങ്ങളെപ്പറ്റി എങ്ങനെ, എന്തുകൊണ്ട് തുടങ്ങിയ കൃത്യമായ ചോദ്യങ്ങൾക്കുള്ള ഗഹനമായ ഉത്തരം കണ്ടെത്തലുമാകുന്നുവെന്ന് മുഖദ്ദിമ വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ കിതാബുൽ ഇബ്റ് എന്ന ചരിത്ര ഗ്രന്ഥത്തിന്റെ ആമുഖമാണ് മുഖദ്ദിമ. പ്രസ്തുത ബൃഹത് ചരിത്രഗ്രന്ഥം മധ്യകാലഘട്ടത്തിലുണ്ടായിരുന്ന അറബികളുടെയും പേർഷ്യൻ, ബർബർ വംശജരുടെയും ചരിത്രത്തെപ്പറ്റിയാണ് പ്രധാനമായും പ്രതിപാദിക്കുന്നത്. ഇബ്നു ഖൽദൂനെ മധ്യകാലഘട്ടത്തിലെ'സമൂഹ ശാസ്ത്രത്തിന്റെ പിതാവ്' എന്ന് വിളിക്കപ്പെട്ടിരുന്നു.

## ഭൂമിശാസ്ത്രം

പതിനൊന്നാം നൂറ്റാണ്ടിലെ പ്രസിദ്ധനായ ഭൂമിശാസ്ത്രജ്ഞനായിരുന്ന അൽ ബക്കരി ഒരു ഹിസ്പാനോ അറബിയായിരുന്നു. എന്നാൽ അക്കാലഘട്ടത്തിലെ ഏറ്റവും പ്രഗത്ഭനായ ഭൂമി

ശാസ്ത്രജ്ഞനായിരുന്ന അൽ ഇദ്‌രീസി പന്ത്രണ്ടാം നൂറ്റാണ്ടിലെ അറിയപ്പെടുന്ന ഭൂപട നിർമാതാവും കൂടിയായിരുന്നു.



ഉമവി സ്‌പെയിനിലുണ്ടായിരുന്ന പ്രധാനപ്പെട്ട പണ്ഡിതന്മാർ, അവരുടെ രചനകൾ എന്നിവയെപ്പറ്റി വിശദമായ വിവരങ്ങൾ ശേഖരിക്കുക.

സ്‌പെയിനിലെ പ്രസിദ്ധമായ അറബി കുടുംബത്തിലെ പിൻതലമുറക്കാരനായിരുന്ന അൽ ഇദ്‌രീസിയുടെ ആദ്യകാല വിദ്യാഭ്യാസം സ്‌പെയിനിലായിരുന്നു. ഇബ്നു ജുബൈർ, അബുൽ ഹുസൈൻ എന്നിവർ അക്കാലഘട്ടത്തിലെ പ്രധാനപ്പെട്ട സഞ്ചാരികളായിരുന്നു. ഇബ്നു ജുബൈർ ഗ്രാനഡയിൽ നിന്നു മക്കയിലെത്തി. അവിടെ നിന്ന് ഈജിപ്ത്, ഇറാഖ്, സിറിയ എന്നീ സ്ഥലങ്ങൾ സന്ദർശിക്കുകയും അവയെക്കുറിച്ചെല്ലാം യാത്രാവിവരണങ്ങൾ എഴുതുകയും ചെയ്തു.

മധ്യകാലഘട്ടത്തിലെ മുസ്‌ലിം ഭൂഗോളസഞ്ചാരി എന്നറിയപ്പെടുന്ന മൊറോക്കൻ അറബിയായ മുഹമ്മദ് ഇബ്നു അബ്ദുള്ള ഇബ്നു ബത്തൂത്തയുടെ വരവോടെ ഇബ്നു ജുബൈർ, മസീനി എന്നിവരുടെ ഈ രംഗത്തുള്ള പ്രസിദ്ധിക്ക് മങ്ങലേൽക്കാൻ തുടങ്ങി. ഇബ്നു ബത്തൂത്ത ഒട്ടുമിക്ക സ്ഥലങ്ങളിലും സഞ്ചരിക്കുകയും തന്റെ സഞ്ചാരക്കുറിപ്പുകൾ ലോകത്തിനു സമർപ്പിക്കുകയും ചെയ്തു.

## വാനശാസ്ത്രവും ഗണിതശാസ്ത്രവും

പത്താം നൂറ്റാണ്ടിന്റെ അവസാന പകുതിയിലാണ് സ്‌പെയിനിൽ വാനശാസ്ത്ര പഠനങ്ങൾ ആരംഭിക്കുന്നത്. കൊർദോവ, സെവില്ലി, ടോലിഡോ തുടങ്ങിയ സ്ഥലങ്ങളിലെ ഭരണാധികാരികൾ പ്രത്യേക പരിഗണന ഈ മേഖലയ്ക്ക് നൽകുകയും ചെയ്തിരുന്നു. പൊതുവെ വാനശാസ്ത്രജ്ഞന്മാരെല്ലാവരും ഗണിത ശാസ്ത്രത്തിലും നൈപുണ്യമുള്ളവരായിരുന്നു. ബാഗ്ദാദിലെ അബു മഅ്ശർ എന്ന വാനശാസ്ത്രജ്ഞനെപ്പോലെ തന്നെ അന്തലൂസ്യയിലെ വാന ശാസ്ത്രജ്ഞന്മാരും മനുഷ്യന്റെ ജനനവും മരണവും അവയ്ക്കിടയിലെ ജീവിതത്തിന്റെ ഗതികളിലുമെല്ലാം ആകാശഗോളങ്ങളുടെ സ്വാധീനമുള്ളതായി വിശ്വസിക്കപ്പെട്ടിരുന്നു. ഇത്തരത്തിലുള്ള ആകാശഗോളങ്ങളുടെ സ്വാധീനത്തെപ്പറ്റിയുള്ള പഠനവും ജ്യോതിഷവും പ്രധാനമായും ഭൂഗോളത്തിലെ സ്ഥല-സ്ഥാന നിർണയത്തിനും ഭൂഗോളത്തിലെ സാങ്കല്പിക രേഖകളായ അക്ഷാംശ-രേഖാംശ രേഖകളുടെ രൂപീകരണത്തിനും വേണ്ടിയായിരുന്നു. ഇക്കാരണത്താൽ വാന ശാസ്ത്രപഠനം പിന്നീട് ജ്യോതിശാസ്ത്ര പഠനത്തിനു ഏറെ സഹായകമായിത്തീരുകയും ചെയ്തു. ചുരുക്കത്തിൽ സ്‌പെയിനെന്ന മാധ്യമത്തിലൂടെയായിരുന്നു പൗരസ്ത്യ ലോകത്തെ വാനശാസ്ത്ര-ജ്യോതിശാസ്ത്ര പഠനങ്ങൾ പടിഞ്ഞാറൻ ലാറ്റിനിലേക്ക് എത്തിയത്.




അസ്ട്രോലാബ്

യൂറോപ്പിന്റെ ഗണിതശാസ്ത്ര വികസനത്തിലും അറബികളുടെ കാലടിപ്പാടുകൾ സുവ്യക്തമാണ്. അറബി ഭാഷയിൽ നിന്നാണ് ആൾജിബ്ര, അൽഗോരിതം തുടങ്ങിയ പദങ്ങൾ ലാറ്റിൻ ഭാഷയി

ലേക്ക് വരുന്നത്. ആദ്യമായി മുസ്‌ലിം ലോകത്ത് ഗണിതശാസ്ത്ര പട്ടികയ്ക്ക് രൂപം നൽകിയ ഖവാറസ്മിയുടെ കണ്ടെത്തലുകളിലെ പാകപിഴവുകൾ കണ്ടെത്തുകയും തിരുത്തുകയും ചെയ്തത് സ്പെയിൻ പണ്ഡിതനായിരുന്നു അൽ മജ്‌രിസി. കൊർദോവയിൽ ജീവിച്ചിരുന്ന അൽ മജ്‌രിസിക്കാണ് 'അൽ ഹാസിബ്' (ഗണിത ശാസ്ത്രജ്ഞൻ) എന്ന പ്രശംസനീയ സ്ഥാനപേര് അറബ്‌ലോകം നൽകിയത്. മാത്രമല്ല അദ്ദേഹത്തെ അറബ് ലോകം ഗണിതശാസ്ത്ര അറിവുകളുടെ ഇമാമായി (നേതാവ്) കരുതിയിരുന്നു. സ്പെയിനിലുണ്ടായിരുന്ന വാനശാസ്ത്ര നിരീക്ഷകനായിരുന്നു ടോളിഡോവിൽ ജിവിച്ചിരുന്ന അൽ സർക്കാലി. മധ്യധരണ്യാഴി കടലിന്റെ നിളത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സറിതിവിവരക്കണക്കുകൾ ടോളമിയുടെയും ഖവാറസ്മിയുടെയും കണ്ടെത്തലുകളെക്കാൾ മികച്ചതായിരുന്നു. ഗ്രഹങ്ങൾ സൂര്യനുചുറ്റും പരിക്രമണം ചെയ്യുമ്പോളുണ്ടാകുന്ന രണ്ട് പ്രതിഭാസങ്ങളായ അപ്പോജി (സൂര്യനിൽ നിന്നു ഏറ്റവും അകലെയാകുന്ന അവസറ), പെഡിഗ്രി (സൂര്യനോട് ഏറ്റവും അടുക്കുന്ന അവസറ) തുടങ്ങിയവയെപ്പറ്റി ശാസ്ത്രലോകത്തിനു ആദ്യം അറിവു നൽകുന്ന പണ്ഡിതനുംകൂടിയാണ് അൽ സർക്കാലി.

പന്ത്രണ്ടാം നൂറ്റാണ്ടിൽ സെവില്ലി കേന്ദ്രീകരിച്ച് പ്രസിദ്ധിയാർജിച്ച വാനശാസ്ത്രജ്ഞനാണ് ജാബിർ ഇബ്നു അഫ്‌ലഹ്. അദ്ദേഹം ടോളമിയുടെ വാനശാസ്ത്ര കണ്ടെത്തലുകളിലെ അപാകതകൾ തിരുത്തുകയുണ്ടായി. വാനശാസ്ത്രത്തെപ്പറ്റി അദ്ദേഹമെഴുതിയിട്ടുള്ള ഗ്രന്ഥങ്ങളാണ് ഇസ്‌ലഹ് അൽ മജിസ്റ്റി, കിതാബുൽ ഹയ്അ എന്നിവ. അദ്ദേഹമാണ് ആദ്യമായി ആകാശലോകത്തിന്റെ രൂപരേഖ വരയ്ക്കുന്നതും ആകാശഗോളങ്ങളുടെ ചലനത്തെപ്പറ്റി പരാമർശിക്കുന്നതും. അദ്ദേഹത്തിന്റെ മേൽനോട്ടത്തിലായിരുന്നു സെവില്ലിയിൽ ഒരു വാനനിരീക്ഷണ ഗോപുരത്തിനു നിർമാണം നടന്നത്.



വ്യത്യസ്ത ഉറവിടങ്ങളിൽ നിന്നായി വാനശാസ്ത്ര മേഖലയിൽ ഇന്ത്യ നൽകിയ സംഭാവനകളെപ്പറ്റി ഒരു ക്ലാസ് അസൈൻമെന്റ് തയ്യാറാക്കുക.

## വൈദ്യശാസ്ത്രം

മുസ്‌ലിം സ്പെയിനിലുണ്ടായിരുന്ന പ്രധാനപ്പെട്ട വൈദ്യശാസ്ത്രജ്ഞരായിരുന്നു ഇബ്നു ഖാതിബ്, അൽ സഹ്റാവി, ഇബ്നു സുഹൈർ എന്നിവർ. ഇതിൽ ഗ്രാനഡയിൽ ജിവിച്ചിരുന്ന ഇബ്നുൽ ഖാതിബാണ് പകർച്ചവ്യാധികളെ ചെറുക്കുന്ന ചികിത്സാരീതിയെപ്പറ്റി ലേഖനമെഴുതിയ ആദ്യത്തെ മുസ്‌ലിം വൈദ്യശാസ്ത്രജ്ഞൻ. ഹക്കം രണ്ടാമന്റെ കൊട്ടാര ഭിഷഗ്വരനായ അദ്ദേഹം അക്കാലത്തെ പ്രശസ്ത ശസ്ത്രക്രിയാ വിദഗ്ധൻ കൂടിയായിരുന്നു. ശസ്ത്രക്രിയയെയും അതിനുള്ള ഉപകരണങ്ങളെയുംപ്പറ്റി അദ്ദേഹം എഴുതിയിട്ടുള്ള പ്രശസ്തഗ്രന്ഥമാണ് അൽ തഫ്സീർ ലിമാൻ അജ്ജസാഇൻ അൽ തആലിഫ്. അൽ സഹറവിയെപ്പോലെത്തന്നെ ശസ്ത്രക്രിയാരംഗത്ത് പ്രശസ്തനായിരുന്നു ഇബ്നു സുഹൈറും. അദ്ദേഹത്തിനു സ്പെയിനിലെ പ്രശസ്തമായ വൈദ്യശാസ്ത്ര കുടുംബപാരമ്പര്യവും ഉണ്ടായിരുന്നു. സെവില്ലിയിൽ ജനിച്ച അദ്ദേഹം മുവഹിദ് രാജവംശ സറാപകനായ അബ്ദുൽ മുഅമിന്റെ ശേഷം 1162 സി.ഇ.യിലാണ് മരണപ്പെടുന്നത്. റാസി കഴിഞ്ഞാൽ പിന്നീട് മുസ്‌ലിംലോകം കണ്ട ഏറ്റവും വലിയ ഭിഷഗ്വരനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ ഗ്രന്ഥമായിരുന്നു 'അൽ തയ്സീർ ഫിൽ മുദവ്വവൽ തദ്ബീർ'.

## തത്വശാസ്ത്രം

ഗ്രീക്ക് തത്വശാസ്ത്രത്തെപ്പറ്റി വിശകലനം ചെയ്തുകൊണ്ടാണ് സ്പെയിനിലെ അറബികൾ തത്വശാസ്ത്ര ലോകത്തേക്ക് കടന്നുവരുന്നത്. ഇബ്നു റുഷ്ദ്, ഇബ്നു അറബി, മയ്മൂൺ, ബെൻ ഗെബ്രിയേൽ, ഇബ്നു ബാജ്ജ എന്നിവരായിരുന്നു മുസ്‌ലിം സ്പെയിനിലെ പ്രശസ്തരായ തത്വശാസ്ത്രജ്ഞന്മാർ.

### *ഇബ്നു റുഷ്ദ്*


അവിറോസെന്ന് പാശ്ചാത്യ ലോകത്തറിയപ്പെടുന്ന ഇബ്നു റുഷ്ദ് അരിസ്റ്റോട്ടിലിന്റെ ലോകനശ്വരതയെന്ന ആശയത്തോട് യോജിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ദ്രവ്യവും ആകാരവും നശ്വരമാണ്. മനുഷ്യന്റെ ധൈഷണികതമാത്രമാണ് അനശ്വരവും അമൂർത്തവും വ്യക്തിയിൽ നിന്ന വേർതിരിക്കപ്പെടാവുന്നതുമായത്. ഇതാണ് പ്രാപഞ്ചികാത്മാവിന്റെ സാക്ഷാത്കാരം. അത് താൽക്കാലികമായി മൂർത്തഭാവം സ്വീകരിക്കപ്പെടുകമാത്രമാണ് ചെയ്യുന്നത്. ദ്രവ്യത്തിന് ജീവൻ നൽകുന്ന ശക്തിയാണ് ആത്മാവ് എന്നിവയാണ് ഇബ്നു റുഷ്ദിന്റെ പ്രധാനപ്പെട്ട തത്വചിന്താപരമായ കണ്ടെത്തലുകൾ.

### *ഇബ്നു അറബി*

ഇബ്നു അറബിയാണ് സ്പെയിനിന്റെ യഥാർഥ ചിന്തകനായി അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ പ്രധാനതത്വം ദൈവമെന്നത് ഇന്ദ്രിയഗോചരവും ലോകമെന്നത് ആശയപൂരിതവുമാണ് എന്നതാണ്. ഉൾവിളിയാണ് മനുഷ്യന്റെ ഏറ്റവും വലിയ മാർഗദർശിയെന്ന് വാദിക്കുന്ന അദ്ദേഹം, ഉൾവിളിയുടെ പ്രത്യേക മാർഗത്തിലൂടെ സ്വയം പ്രകാശപൂരിതനാകുന്നതായി വിശ്വസിച്ചു. അദ്ദേഹമാണ് അറബ് ലോകത്തിന് വഹ്ദത്തുൽ വുജൂദ് (അദ്വൈതസിദ്ധാന്തം) എന്ന ആശയം സംഭാവന നൽകുന്നത്. പ്രസ്തുത ആശയപ്രകാരം ദൈവമല്ലാതെ വേറൊരു യാഥാർഥ്യമില്ല, പ്രപഞ്ചത്തിലെ സകലതും ദിവ്യത്വത്തിന്റെ ആവിഷ്കാരമാണെന്ന് അദ്ദേഹം സമർഥിക്കുന്നു.

### *സോളമൻ ബെൻ ഗെബ്രിയൽ*

നവ-പ്ലേറ്റോണിസത്തിന്റെ ആദ്യവക്താവായിട്ടാണ് സോളമൻ ബിൻ ഗെബ്രിയൽ അറിയപ്പെടുന്നത്. അദ്ദേഹം പണ്ഡിത ലോകത്ത് ജൂതപ്ലേറ്റോ എന്നു വിളിക്കപ്പെട്ടിരുന്നു.



ഉമവി കാലഘട്ടത്തിൽ സ്പെയിനിലുണ്ടായിരുന്ന തത്വചിന്താരീതിയുടെ പ്രധാന ആശയങ്ങളെപ്പറ്റി ഒരു ചാർട്ട് തയ്യാറാക്കുക.

## കലയും വാസ്തുവിദ്യയും

എല്ലാ തരത്തിലുമുള്ള കലാരൂപങ്ങളും സ്പെയിനിൽ ഇസ്‌ലാമിക ഭരണകാലത്ത് കാണപ്പെട്ടിരുന്നു. ലോഹ നിർമിത കലാരൂപങ്ങൾക്കും കൊത്തുപണികൾക്കുമായി ഹിസ്പാനോ അറബ് എന്നൊരു വിദ്യാഭ്യാസ സ്ഥാപനം നിലനിന്നിരുന്നതായി പറയപ്പെടുന്നു. ചെറുകിട കലാസൃഷ്ടിരംഗത്ത് പ്രശസ്തമായിരുന്നതായിരുന്നു സെറാമിക് കലകൾ. സ്പെയിനിലെ വലൻസിയ എന്ന നഗരമായിരുന്നു പാശ്ചാത്യ ലോകത്ത് പ്രസ്തുത കലാസൃഷ്ടിക്ക് പ്രശസ്തമായ നഗരം. കളിമൺപാത്ര നിർമാണവും ആരംഭിക്കുകയും ചെയ്തു. മുസ്‌ലിം സ്പെയിനിന്റെ പ്രസ്തുത കളിമൺപാത്ര നിർമ്മാണത്തിന്റെ അനുകരണം പതിനഞ്ചാം നൂറ്റാണ്ടിൽ ഹോളണ്ടിലും കാണാൻ സാധിച്ചിരുന്നു. പിന്നീട് സ്പെയിനിൽ നിന്ന് ഈ കലാനിർമിതി ഇറ്റലിയിലേക്കെത്തുകയും ചെയ്തു. ഇതിന്റെ സ്വാധീനം പിന്നീടു വന്ന യൂറോപ്യൻ പാത്രനിർമാണ കലകളിലും സ്വ്യാസോ



അൽ ഹംറ കൊട്ടാരം

അറബിക്, ക്രിസ്തീയമായ തനത് ശൈലികളുള്ള ഉപകരണങ്ങളിലും കാണാൻ സാധിച്ചിരുന്നു. സെറാമിക്കിന്റെയും, മൊസൈക്കിനന്റെയും രൂപങ്ങളും ടൈലുകളും സ്പാനിഷ്കലയുടെ ഭാഗമായിരുന്നു. വ്യത്യസ്ത തരത്തിലുള്ള നിറങ്ങൾ സ്പെയിനിലും പോർട്ടുഗലിലും കൊണ്ടുവന്നത് അറബികളുടെ പാരമ്പര്യമായി കണക്കാക്കുന്നു.

ലോഹനിർമിതിപോലെത്തന്നെ ഗ്ലാസ് നിർമാണം, കളിമൺപാത്ര നിർമാണം, വാസ്തുവിദ്യ, മറ്റ് അലങ്കാര കലകൾ എന്നിവയെല്ലാംതന്നെ സ്പെയിനിൽ മുസ്‌ലിംകളുടെ ഭരണകാലത്ത് നിലനിന്നിരുന്നു. നിരവധി യൂറോപ്യൻ നിർമിതികളിൽ ഇസ്‌ലാമിക രീതിയുടെ അടയാളങ്ങൾ ശേഷിക്കുന്നതായി കാണാം.




ആനകൊമ്പുകൊണ്ടുള്ള ആഭരണപ്പെട്ടി

പത്താം നൂറ്റാണ്ടിൽ കൊർദോവയിൽ ആനക്കൊമ്പുകൊണ്ടുള്ള അലങ്കാര വസ്തുക്കളുടെ നിർമാണത്തിനുള്ള സ്ഥാപനം നിലനിന്നിരുന്നു. ഭംഗിയാർന്ന പെട്ടികളും ചെപ്പുകളും ആനക്കൊമ്പുകൊണ്ട് നിർമിക്കുകയും അതിൽ ആഭരണങ്ങളും മുത്തുകളും ഘടിപ്പിക്കുകയും ചെയ്തിരുന്നു. ഇവ ആഭരണപ്പെട്ടികളും സുഗന്ധദ്രവ്യപ്പെട്ടികളുമായിട്ടാണ് പ്രധാനമായും ഉപയോഗിച്ചിരുന്നത്. അവയുടെ പുറംഭാഗം നായാട്ടു രംഗങ്ങളുടെയോ സംഗീത സദസ്സുകളുടെയോ മൃഗങ്ങളുടെയോ ചിത്രങ്ങൾ വരച്ചുകൊണ്ട് ഭംഗിയായി അലങ്കരിച്ചിരുന്നു. സ്പെയിനിലെ ഹിസ്പാനോ - മുസ്‌ലിം അലങ്കാരകലയുടെ ഉത്തമ ഉദാഹരണമായിരുന്നു നാസിറിദ് രാജവംശത്തിന്റെ കൊട്ടാരമായ അൽ ഹംറാത്.

കൊർദോവയിൽ അബ്ദുൽറഹ്മാൻ മൂന്നാമൻ അൽ സഹ്റ നഗരവും അൽ സഹ്റ കൊട്ടാരവും നിർമിക്കുകയുണ്ടായി. പ്രസ്തുത കൊട്ടാരത്തിൽ നാന്നൂറ് മുറികളും അടിമകളുടെയും കാവൽക്കാരുടെയും ഭവനങ്ങളും കൊട്ടാരത്തിലുണ്ടായിരുന്നു. കൊർദോവയിലെ ഗ്വാഡൽക്വിവർ നദിയുടെ അഭിമുഖമായി സ്പെയിനിന്റെ വടക്ക് പടിഞ്ഞാറായിട്ടായിരുന്നു ഈ നഗരം സ്ഥാപിച്ചിരുന്നത്.



അൽ ഹംറ കൊട്ടാരത്തിലെ കോർട്ട് ഓഫ് ലയൺസ്



സ്പെയിനിന്റെ വാസ്തുവിദ്യ സംഭാവനകളുടെ ചിത്രങ്ങൾ ശേഖരിച്ച എന്റെ ആൽബം നിർമ്മിക്കുക.

*അൽ ഹക്കം കൊർദോവപള്ളി വിപുലീകരിക്കുകയും അതിനോട് ചേർന്ന് കൊർദോവ സർവകലാശാല സ്ഥാപിക്കുകയും ലെഡ് പൈപ്പ് ഉപയോഗിച്ച് ജലലഭ്യത പള്ളിയിൽ ഉറപ്പാക്കുകയും ബൈസന്റൈൻ കലാകാരന്മാരെക്കൊണ്ട് ഭീമമായ പണംചെലവഴിച്ച് പള്ളിയെ മനോഹരമാക്കുകയും ചെയ്തു. പ്രശസ്തമായ ഈ സ്ഥാപനത്തിലേക്ക് പൗരസ്ത്യലോകത്തു നിന്നും പണ്ഡിതന്മാരെ ക്ഷണിക്കുകയും ആകർഷകമായ വേതനം നൽകുകയും ചെയ്തു.*

## സ്പെയിനിലെ മുസ്‌ലിം ഭരണത്തിന്റെ തകർച്ച


പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തോടെ സ്പെയിനിൽ ആഭ്യന്തര പ്രശ്നങ്ങൾ ഉടലെടുക്കുകയുണ്ടായി. അവസാനത്തെ മുസ്ലിം ഭരണകൂടമായ ഗ്രാനഡയിലെ നാസിറിദ് രാജവംശത്തെ തകർക്കാൻ ക്രിസ്തീയ ഭരണാധികാരികൾ ശ്രമം തുടങ്ങി. ഗ്രാനഡയിലെ ഇടയ്ക്കിടെയുള്ള മുസ്ലിം ഭരണാധികാരികളുടെ മാറ്റം ക്രിസ്തീയ ഭരണാധികാരികളിൽ ഏറ്റവും പ്രഗത്ഭനായ

സിഡോണയിലെ ഡ്യൂക്കിന്റെ സഹായത്തോടെ സൈനികനീക്കം നടത്തുന്നതിനും ജിബ്രാൾട്ടർ പിടിച്ചടക്കുന്നതിനും സാധിച്ചു. ജിബ്രാൾട്ടർ നഷ്ടമായത് (ആഗസ്റ്റ് 20, 1462 സി.ഇ.) മുസ്‌ലിംകൾക്കേറ്റ ഏറ്റവും വലിയ പ്രഹരമായിരുന്നു. അങ്ങനെ ഗ്രാനഡ രാജവംശത്തെ വടക്കെ ആഫ്രിക്കയിൽ നിന്നു വേർതിരിക്കുന്നതിൽ ക്രിസ്ത്യൻ ഭരണാധികാരികൾ വിജയിച്ചു.

ഗ്രാനഡയിലെ നാസിറിദ് ഭരണത്തിന്റെ തകർച്ചയോടെ സ്പെയിനിൽ മുസ്‌ലിം ഭരണം എന്നെന്നേക്കുമായി അവസാനിച്ചു. ആയിരക്കണക്കിന് മുസ്‌ലിംകൾ ഗ്രാനഡയിലും വലൻസിയായിലും മുർസിയായിലും സ്പെയിനിന്റെ മറ്റു ഭാഗങ്ങളിലുമായി ക്രിസ്ത്യാനികൾക്കു വലിയ പ്രതിരോധം സൃഷ്ടിച്ചു. ഗ്രാനഡ പിടിച്ചടക്കൽ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ വെല്ലുവിളിയായിരുന്നു.

## ഗ്രാനഡയുടെ തകർച്ച

1491-സി.ഇ.യിൽ ഫെർഡിനാനിന്റെ കീഴിൽ നാൽപ്പതിനായിരം കാലാൾപ്പടയും പതിനായിരം കുതിരപ്പടയും നാസിറിദ് ഭരണത്തെ കീഴടക്കുന്നതിനും മുസ്‌ലിംങ്ങളെ തുരത്തെറിയുന്നതിനുമായി ഗ്രാനഡയിലെത്തി. വൃക്ഷങ്ങളും കൃഷിയിടങ്ങളും നശിപ്പിക്കുകയും വീടുകൾ അഗ്നിക്കിരയാക്കുകയും പ്രതിരോധിക്കാൻ അശക്തരായ പ്രദേശവാസികളെ ക്രൂരമായി വേട്ടയാടുകയും വധിക്കുകയും അംഗവിച്ഛേദം നടത്തുകയും ചെയ്തു. കർത്തിലിയൻ ക്യാമ്പുകളിൽ സാരസൻ അറബികൾ നിഷ്ഠൂരമായി വധിക്കപ്പെട്ടു. ഫെർഡിനാൻ തന്റെ പടിഞ്ഞാറൻ യോദ്ധാക്കളുടെ നഷ്ടത്തോടെ സാരസൻ അറബികളെ പൂർണമായും കീഴടക്കാൻ തീരുമാനിച്ചു. 1492-ൽ ഫെർഡിനാന്റ് തന്റെ ചരിത്രപ്രസിദ്ധമായ കൽപ്പന പുറപ്പെടുവിച്ചു. പരാജിതരായ മുസ്‌ലിംകൾക്ക് സ്പെയിനിൽ നിലനിൽക്കണമെങ്കിൽ അവർ ക്രിസ്തുമതം സ്വീകരിക്കുക. അതിനു തയ്യാറല്ലെങ്കിൽ സ്പെയിനിൽനിന്നും പുറത്ത് പോവുക. ഇതായിരുന്നു കൽപന. സ്പെയിനിൽനിന്നു മുസ്‌ലിംകളെ പുറത്താക്കാനുള്ള അന്ത്യശാസനം പുറപ്പെടുവിച്ചത് ഫിലിപ്പ് മൂന്നാമനായിരുന്നു. ദശലക്ഷക്കണക്കിന് മുസ്‌ലിംകൾക്ക് കൊടിയ പീഡനം ഏൽക്കേണ്ടിവന്നു. അവർ തങ്ങളുടെ എല്ലാം ഉപേക്ഷിച്ചുകൊണ്ട് ആഫ്രിക്കൻ തിരങ്ങളിലും ഒട്ടോമൻ സാമ്രാജ്യത്തിലും അഭയം തേടി. 1492-സി.ഇ. മുതൽ പതിനേഴാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾവരെ ഏകദേശം മുപ്പത് ലക്ഷം മുസ്‌ലിംകളെ സ്പെയിനിൽ നിന്നു പുറത്താക്കിയതായി കണക്കാക്കുന്നു. അങ്ങനെ സ്പെയിനിലുണ്ടായിരുന്ന ക്രിസ്ത്യാനികളുടെ ഇസ്‌ലാം വിരുദ്ധത എന്നേക്കുമായവർ അവസാനിപ്പിച്ചു. എന്നാൽ മുസ്‌ലിംകൾ നട്ടുവളർത്തിയ സാംസ്കാരിക വൈജ്ഞാനിക പാരമ്പര്യത്തെ പിഴുതെറിയാൻ അവർക്ക് സാധിച്ചില്ല. അത് ഇന്നും നിലനിൽക്കുന്നു.



സ്പെയിനിലെ ഇസ്‌ലാം മതത്തിന്റെ തകർച്ചയെപ്പറ്റി ചർച്ച ചെയ്യുക

## ചെറു രാജവംശങ്ങൾ

## (1031-1086 സി.ഇ.)

മലാഗയിലെ ബനൂ ഹമൂദ്

ഗ്രാനഡയിലെ ബനൂ സിരി

സരഗോസയിലെ ബനൂ ഹൂദ്

ടോളിഡോയിലെ ബനൂ സുൽ നൂൻ

മൊറാവിദുകൾ

മുവഹ്ഹിദുകൾ

നാസിറിദുകൾ

സെവിലിയിലെ ബനൂ അബ്ബാദ്

## ചോദ്യങ്ങൾ

1. മുസ്ലിം സ്പെയിനിലെ വൈജ്ഞാനിക സംഭാവനകളെ വിവരിക്കുക.
2. സ്പെയിനിലെ സ്വതന്ത്ര ഉമവി ഭരണത്തിന്റെ രൂപീകരണത്തെ വിശദമാക്കുക.
3. അൽ സഹറാ കൊട്ടാരവും അൽ ഹംറ കൊട്ടാരവും പ്രത്യേകം പരാമർശിച്ചുകൊണ്ട് സ്പെയിനിന്റെ വാസ്തുവിദ്യാ സംഭാവനകൾ വിവരിക്കുക.
4. അബ്ദുറഹ്മാൻ മൂന്നാമൻ സ്പെയിനിന്റെ സാംസ്കാരിക വൈജ്ഞാനിക മേഖലകളിൽ നിസ്തുലമായ സംഭാവനകൾ നൽകി വ്യക്തമാക്കുക.
5. മുസ്ലിം സ്പെയിനിലെ സർവകലാശാലകളെപ്പറ്റി ചെറുകുറിപ്പ് തയ്യാറാക്കുക.
6. മുസ്ലിം സ്പെയിനിന്റെ വൈദ്യശാസ്ത്ര വികാസത്തെ ചർച്ച ചെയ്യുക
7. ഫുത്തുഹുൽ മക്കിയ്യ എന്ന ഗ്രന്ഥത്തിന്റെ കർത്താവാണ്
   എ) ഇബ്നു ഖൽദൂൻ ബി) ഇബ്നു അറബി
   സി) ഇബ്നു ബാജ്ജ ഡി) ഇബ്നു മയ്മൂൻ
8. സോളമൻ ബിൻ ഗബ്രിയേലിന്റെ പഠന മേഖലയായിരുന്നു
   എ) വൈദ്യശാസ്ത്രം ബി) തത്വശാസ്ത്രം
   സി) വാനശാസ്ത്രം ഡി) ഗണിത ശാസ്ത്രം
9. സ്പെയിനിലെ മുസ്ലിം തത്വചിന്തകരെയും അവരുടെ രചനകളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ചാർട്ട് തയ്യാറാക്കുക.